**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് – ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി – ഒഴിവാക്കപ്പെട്ട അർഹതയുള്ളവരെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്**

സ.ഉ.(സാധാ)നം.714/2010/തസ്വഭവ തിരുവനന്തപുരം, തീയതി: 03–03–2010

പരാമർശം: സ.ഉ.(എം.എസ്)നം.207/2009/തസ്വഭവ; തീയതി 07.11.2009

# ഉത്തരവ്

ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതിയുടെ നടത്തിപ്പിന് പരാമർശത്തിലെ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പരിഷ്കരിച്ച മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ ഗുണഭോക്തൃ ലിസ്റ്റ് അന്തിമമാക്കി നിർവഹണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ സംഘങ്ങളെ നിയോഗിച്ച് പരിശോധന നടത്തി അർഹരായ എല്ലാ ഗുണഭോക്താക്കളെയും കണ്ടെത്തി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നാണ് നിർദ്ദേശം നൽകിയിരുന്നത്. എന്നാൽ അന്തിമ ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച ഘട്ടത്തിലും ലിസ്റ്റിന് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടിയതിനുശേഷവും അർഹരായ ചിലർ ഒഴിവാക്കപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ടെന്നും അവരെക്കൂടി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകണമെന്നും ചില തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. ഇ.എം.എസ് ഭവനപദ്ധതി ഒരു സമ്പൂർണ്ണ ഭവന പദ്ധതിയാണ് എന്ന വസ്തുത കണക്കിലെടുത്ത്, ഗുണഭോക്തൃ ലിസ്റ്റിന് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചതിനുശേഷം അർഹതയുള്ള ഏതെങ്കിലും കുടുംബം ഒഴിവാക്കപ്പെട്ടതായി കണ്ടെത്തുകയാണെങ്കിൽ ചുവടെ വിവരിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ച് അവരെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവാകുന്നു.

3. ഇ.എം.എസ് ഭവന പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് പരിഷ്കരിച്ച മാർഗരേഖ പ്രകാരം നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അർഹതപ്പെട്ട കുടുംബം/കുടുംബങ്ങൾ ഒഴിവാക്കപ്പെട്ടതായി ഗ്രാമപഞ്ചായത്തിന്/നഗരസഭയ്ക്ക് ഉത്തമ ബോധ്യമുണ്ടെങ്കിൽ കുടുംബനാഥനിൽ/നാഥയിൽ നിന്നും ഫോറം II പൂരിപ്പിച്ച് വാങ്ങേണ്ടതും ജില്ലാ കളക്ടർക്ക് നൽകേണ്ടതുമാണ്. ഇത്തരം കുടുംബങ്ങളുടെ അർഹത പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് ജില്ലാ കളക്ടർ പ്രത്യേക സംവിധാനം ഏർപ്പെടുത്തണം. ജില്ലാകളക്ടർ അനുയോജ്യരായ ഉദ്യോഗസ്ഥരെ കണ്ടെത്തി പരിശോധനാ ചുമതല നൽകേണ്ടതാണ്. പരിശോധനയിൽ കുടുംബത്തിന് അർഹതയുണ്ടെന്ന് കാണുകയാണെങ്കിൽ ആ വിവരം ജില്ലാകളക്ടർ തദ്ദേശഭരണ സ്ഥാപനത്തെ അറിയിക്കണം. അതിന്റെ അടിസ്ഥാനത്തിൽ, ഗുണഭോക്താക്കളെ മുൻഗണനപ്പെടുത്തുന്നതിന് തദ്ദേശഭരണ സ്ഥാപനം നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഈ കുടുംബത്തിന്റെ/കുടുംബങ്ങളുടെ സ്ഥാനം നിശ്ചയിച്ച് ലിസ്റ്റിൽ കൂട്ടിച്ചേർക്കണം. നിലവിലുള്ള ലിസ്റ്റിൽ നിന്നും മുൻഗണനാക്രമത്തിൽ ധനസഹായം നൽകി വരുന്നതിനാൽ ഇപ്രകാരം പുതുതായി കൂട്ടിച്ചേർക്കുന്ന ഒരു കുടുംബത്തിനെക്കാൾ കുറഞ്ഞ മാർക്ക് ലഭിച്ചവർക്ക് ഇതിനകം ധനസഹായം നൽകിയിട്ടുണ്ടെങ്കിൽ തുടർന്ന് ഏറ്റവും ആദ്യം ഈ ഗുണഭോക്താവിനെ ആയിരിക്കണം പരിഗണിക്കേണ്ടത്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7 സെക്രട്ടറി, സഹകരണ വകുപ്പ്
8 സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
9 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
10 രജിസ്ട്രാർ, സഹകരണസംഘം
11 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
12 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
13 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
14 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
15 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
16 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
17 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
19 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)
20 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
21 എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ–ഓർഡിനേറ്റർമാർക്കും
22 എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർമാർക്കും (ജനറൽ)
23 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
24 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
25 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
26 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
27 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
28 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
29 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
30 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
31 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
32 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
33 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
34 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:–

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
4. തദ്ദേശസ്വയംഭരണ ഡി.എ/ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്